## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6557** **11-07-2024 - ൽ മറുപടിയ്ക്ക്**

## ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിൻെറ നിർമ്മാണപുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ വിഭാഗത്തിന്റെ നിർവഹണച്ചുമതലയിൽ സി.ആർ.ഐ.എഫ്. ൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ള ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിൻെറ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) | CRIF പദ്ധതിയിൽ ഉൾപ്പെട്ട ചാത്തന്നൂർ - പരവൂർ - പാരിപ്പള്ളി റോഡിന്റെ പ്രവൃത്തി 98% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റിലുള്ള ന്യൂനതകൾ പരിഹരിക്കണമെന്നും ജനകീയ ആവശ്യങ്ങളുടെ മുൻഗണനാക്രമം പരിഗണിക്കാതെ പ്രവൃത്തി നടത്തുന്നത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് മണ്ഡലം എം.എൽ.എ. 25.09.2023-ന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിവേദനത്തിൽ പറഞ്ഞിട്ടുള്ള പ്രധാന വിഷയങ്ങളിൽ ഒന്നായ പാരിപ്പള്ളിയിലെ വെള്ളക്കെട്ട് ക്രോസ്സ് ഡ്രെയിൻ നിർമ്മാണവും, ഓട നിർമ്മാണവും നടത്തി പരിഹരിച്ചിട്ടുണ്ട്. പാരിപ്പള്ളി മെഡിക്കൽ കോളേജിലേക്കുള്ള റോഡിൽ ഇരുവശത്തും ഷോൾഡർ കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. Natural slope ഉള്ളതിനാൽ വെള്ളം പാമ്പുറം ഭാഗത്തെ ഓടയിലേക്ക് ഒഴുകിയെത്തുന്നു. പോളച്ചിറ ഏലാ ഭാഗത്തെ നിലവിലുണ്ടായിരുന്ന pipe culvert മാറ്റി പുതിയ കലുങ്ക് നിർമ്മാണം നടത്തുന്നതിന്, Investigation Test നടത്തിയതിൽ അവിടുത്തെ മണ്ണിന്റെ ഘടന അനുസരിച്ച് Cross Drainage structures with pile foundation വേണമെന്ന നിർദ്ദേശമാണ് ലഭ്യമായിട്ടുള്ളത്. പൈലിംഗ് ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണം ഈ CRIF പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഫണ്ടിന്റെ അപര്യാപ്തത മൂലം സാധ്യമാകാത്തതിനാൽ പുതിയ കലുങ്ക് നിർമ്മാണം നടത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) | പോളച്ചിറ ഏലായിലെ തൊള്ളായിരം ഏക്കർ കൃഷിഭൂമിയിൽനിന്നും കായലിലേക്ക് വെള്ളം പമ്പ് ചെയ്ത് ഒഴുക്കി കളയുന്നതിനായി പ്രസ്തുത റോഡിന്റെ പോളച്ചിറ ഏലാ ഭാഗത്തിന് കുറുകെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | CRIF പ്രവൃത്തിയിൽ ഉൾപ്പെടുത്തി പോളച്ചിറ കലുങ്കിന്റെ ഭാഗത്ത് പുതിയ നിർമ്മാണങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. റോഡ് ഏറ്റെടുത്തപ്പോൾ നിലവിലുണ്ടായിരുന്ന കലുങ്കിന്റെ ഭാഗത്തെ റോഡ് BM &BC ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റോഡിന്റെ പാരിപ്പള്ളി ജംഗ്ഷനും സർക്കാർ മെഡിക്കൽ കോളേജിനും ഇടയിലുള്ള ഭാഗത്തെ | (ഡി) | പാരിപ്പള്ളി ജംഗ്ഷനിൽ ക്രോസ്സ് ഡ്രെയിൻ നിർമ്മിച്ച് വലതുവശത്ത് ഓടനിർമ്മാണവും നടത്തി |

| | | | |
|---|---|---|---|
| | വലിയ വെള്ളക്കെട്ട് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | | ഇരുവശത്തുനിന്നുമുള്ള വെള്ളം കല്ലുവാതുക്കൽ പഞ്ചായത്ത് നിർമ്മിക്കുന്ന ഗുൽനാർ-ഏലാ റോഡിലെ ഓടയിലേക്ക് ഒഴുക്കിവിടുന്നു. കൂടാതെ മയിലാട്ടുംപാറ മുതൽ പാമ്പുറം വരെ ഇരുവശത്തും ഷോൾഡർ കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. Natural slope ഉള്ളതിനാൽ വെള്ളം പാമ്പുറം ഭാഗത്തുള്ള ഓടയിലേക്ക് ഒഴുകിചെല്ലുന്നു. |

സെക്ഷൻ ഓഫീസർ